# കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ ഭേദഗതി

കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ തൊഴിലാളികൾക്കനുകൂലമായി താഴെപറയുന്ന ഭേദഗതികൾ വരുത്തുന്ന ബില്ലിന് മന്ത്രിസഭ അംഗീകാരം നൽകി.

1) ഏജൻസികൾ വഴി റിക്രൂട്ട് ചെയ്യുന്ന ഏതുവിഭാഗം തൊഴിലാളികളെയും തൊഴിലാളി എന്ന നിർവ്വചനത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുന്ന തരത്തിൽ കൂടുതൽ വിഭാഗങ്ങളെ വിജ്ഞാപനത്തിലൂടെ തൊഴിലാളി എന്ന പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്താൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ.

2) ആഴ്ചയിൽ ഒരു ദിവസം കടകൾ പൂർണമായി അടച്ചിടണമെന്ന വ്യവസ്ഥ ഒഴിവാക്കി തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസം അവധി അനുവദിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി.

3) സ്ത്രീ തൊഴിലാളികൾക്ക് മതിയായ സുരക്ഷ, താമസസ്ഥലത്തേക്കുള്ള യാത്രാസൗകര്യം എന്നിവ ഉറപ്പുവരുത്തുക്കൊണ്ട് രാത്രി 9 മണിവരെ തൊഴിലെടുക്കാൻ അനുമതി നൽകുന്ന ഭേദഗതി. നിലവിൽ വൈകിട്ട് 7 മണി മുതൽ പുലർച്ചെ 6 മണി വരെ സ്ത്രീതൊഴിലാളികളെ ജോലിചെയ്യിക്കാൻ പാടില്ല എന്നാണ് വ്യവസ്ഥ. എന്നാൽ 7 മണിക്കുശേഷം 2 സ്ത്രീതൊഴിലാളികൾ ഉൾപ്പെടെ 5 തൊഴിലാളികൾ

അടങ്ങുന്ന ഗ്രൂപ്പ് ആയി മാത്രമേ സ്ത്രീകളെ ജോലിക്ക് നിയോഗിക്കാവൂ എന്ന വ്യവസ്ഥയും ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈഗിംക അതിക്രമങ്ങൾ തടയന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമത്തിൽ V അദ്ധ്യായത്തിനുശേഷം V A എന്ന പുതിയ ഒരു അദ്ധ്യായം കൂട്ടിച്ചേർത്തിട്ടുണ്ട്.

5) കടകളിൽ ദീർഘനേരം നിന്നുകൊണ്ട് ജോലി ചെയ്യേണ്ടി വരുന്ന തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കുന്നതിന് സൗകര്യം ഒരുക്കണമെന്ന വ്യവസ്ഥ.

6) നിയമലംഘനങ്ങൾക്കുള്ള പിഴ തുക വർദ്ധിപ്പിക്കുന്ന വ്യവസ്ഥ. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സ്ഥാപന ഉടമകൾക്കുള്ള പിഴ തുക (ഓരോ വകുപ്പിനും) 5000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി ഉയർത്തി. ആവർത്തിച്ച് നിയമലംഘനം നടത്തുന്നവർക്കുള്ള പിഴ തുക 10000 രൂപയിൽ നിന്ന് 2 ലക്ഷം രൂപയാവും. എന്നാൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിക്ക് 2500 എന്ന ക്രമത്തിലായിരിക്കും പിഴ ഈടാക്കുക.

7) കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരം സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഇലക്ട്രോണിക് ഫോർമാറ്റിൽ സൂക്ഷിക്കുന്നതിന് സ്ഥാപന ഉടമയ്ക്ക് അനുമതി നൽകുന്ന വ്യവസ്ഥ.